11

# വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# സ്നാനം എന്തിലേക്ക്?

ആദ്യത്തെ നാമധേയരഹിത യോഗത്തിൽ, പെന്തെക്കൊസ്തു നാളിൽ ആദ്യമായി പത്രൊസ് സുവിശേഷം പ്രസംഗിച്ചപ്പോൾ, നാം ഇതു കൈകാര്യം ചെയ്യാതിരുന്നതിന്റെ കാരണം ആ വിഷയത്തെക്കുറിച്ചു ഈ ഒരുപദേശം മാത്രമെയുള്ളൂ എന്നതാണ്. പ്രവൃത്തികൾ 2–ലേതിനേക്കാൾ, അതു സാദ്ധ്യമെങ്കിൽ, വ്യക്തമായ വേദഭാഗങ്ങൾ വേറെയുമുണ്ട്. ആദ്യ യോഗത്തിലെ ഉപദേശത്തെ മാത്രമെ നാം കൈകാര്യം ചെയ്തിട്ടുള്ളൂ കാരണം അതായിരുന്നു പരിശുദ്ധാത്മാവു ദൈവശ്വാസിയരായ അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴി നടത്തേണ്ടതിനുവേണ്ടി ചെയ്ത ആദ്യത്തെ പ്രവൃത്തി.

വളരെ – അധികം വാദിക്കുന്ന വിഷയമായ സ്നാനത്തെക്കുറിച്ചുള്ള പ്രാരംഭ ഉപദേശം നാം ശ്രദ്ധയോടെ പരിശോധിക്കണം. ഈ കാര്യത്തിൽ ഭിന്നത ഉണ്ടാകേണ്ട കാര്യമില്ല എന്നു എല്ലാ സത്യസന്ധരായ ആളുകളും കാണേണ്ടതു ആവശ്യമാണ്. യേശു കർത്താവും ക്രിസ്തുവുമായിത്തീർന്നു എന്നുള്ള നിശ്ചയമായ അറിവും, മാനസാന്തരവും, സ്നാനവും പാപമോചനത്തിനുള്ള നിബന്ധനകളായി, ആ യോഗത്തിൽ പത്രൊസ് നല്കി എന്നു നമുക്കു കാണാം. തീർച്ചയായും, നഷ്ടപ്പെട്ട ഒരു പാപിയെ സംബന്ധിച്ച് ക്ഷമാപണത്തിനുള്ള സ്വർഗ്ഗീയ നിബന്ധനകൾ എന്ന ചർച്ച പരിഹരിക്കപ്പെടും. പ്രത്യേകിച്ച്, ഇത് ചോദ്യത്തെ പരിഹരിക്കും കാരണം അവരോടാണ് കർത്താവു ലോകമെങ്ങും പോയി സകല ജാതികളോടും മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടത്, അവർക്കാണ് സ്വർഗ്ഗത്തിൽ നിന്നു ശക്തി ലഭിച്ചതും (പ്രവൃത്തികൾ 1:8). പ്രവൃത്തികളിൽ അവരെ നയിക്കാനും, അങ്ങനെ അവരുടെ പ്രവൃത്തി തെറ്റുകൂടാതെ ആകുവാനുമുള്ള ദൈവിക ശക്തി അവരുടെമേൽ വരുവോളം അവിടെ നിന്നു “വാങ്ങിപോകരുത്” എന്നു യേശു അവരോടു പറഞ്ഞിരുന്നു (ലൂക്കൊസ് 24:46–49). ആ ഉപദേഷ്ടാക്കന്മാർ കർത്താവിന്റെ കല്പനകൾ അനുസരിച്ചു – പരിശുദ്ധാത്മാവു അവരെ നയിക്കുന്നതുവരെ അവർ യെരുശലേമിൽ കാത്തിരിക്കുകയും യെരുശലേമിൽ പ്രസംഗിച്ചു തുടങ്ങുകയും ചെയ്തു എങ്കിൽ (അവയൊന്നും സംശയിക്കേണ്ടതില്ല) – പിന്നെ ആ പ്രവൃത്തി തികച്ചും ശരിയായിരിക്കും, തെറ്റായിരിക്കയില്ല.

പത്രൊസിനെ അയച്ചതനുസരിച്ചു, പാപമോചനം അവൻ പ്രസംഗിച്ചുവെങ്കിൽ, തീർച്ചയായും അവൻ പാപമോചനത്തിനുള്ള നിബന്ധനകളും കൊടുത്തിരിക്കും. അതുകൊണ്ടു, ആത്മാവു, പാപബോധ്യം വന്നവർക്കു മാനസാന്തരം, സ്നാനം എന്നീ നിബന്ധനകളിന്മേൽ യെരുശലേം യോഗത്തിൽ വച്ച് മാപ്പുകൊടുത്തുവെങ്കിൽ, അതു സ്വർഗ്ഗീയ ഇഷ്ടവും ഉപദേശവും ആയിരുന്നു. അതുകൊണ്ടാണ് നാം ഇതു കൈകാര്യം ചെയ്യുന്നത്. പത്രൊസ് ചെയ്തതുപോലെ പരിശുദ്ധാത്മാവിന്റെ മേൽനോട്ടത്തിൽ പാപമോചനത്തിനായി സ്നാനമേല്ക്കാനും അങ്ങനെ അവരുടെ പാപങ്ങൾ മോചിക്കപ്പെടും എന്ന് അവൻ ആളുകളോടു കല്പിച്ചു. ലോകത്തിലെ പണ്ഡിതന്മാർ ഭാഷയുടെ വ്യാഖ്യാതാക്കളായതുകൊണ്ട്, അവൻ സംസാരിച്ചതിലെ എല്ലാ വസ്തുതയുംപോലെ അവന്റെ പ്രസംഗത്തിലെ ആ സത്യവും തീർച്ചയുള്ളതായിരുന്നു. ആത്മാർത്ഥതയുള്ള ഓരോ വ്യക്തിയിലും ഈ സത്യം എത്തുവാൻ താല്പര്യത്തോടെ പ്രവർത്തിക്കുകയായിരുന്നു ഞാൻ. ആ ഭാഷ താല്പര്യത്തോടെ പരിശോധിച്ച ശേഷവും ഈ കാര്യ ത്തിൽ നിന്നു വേറിട്ടു നില്ക്കുന്നുവെങ്കിൽ അതു ശാഠ്യം തന്നെയാണ്.

പത്രൊസ് ആദ്യ യോഗത്തിൽ പ്രസംഗിച്ചതു എടുത്താൽ പ്രശ്നം തീരും, ഈ വിഷയത്തെ കുറിച്ചു, പത്രൊസിന്റെ വ്യക്തമായ ഉപദേശം ആത്മാവിന്റെ മറ്റു ഉപദേശവുമായി യോജിക്കുന്നുണ്ടോ? എന്നു ഞാൻ ചോദിക്കണം. ഈ ചോദ്യം ചോദിച്ചാൽ അതിനു ഉത്തരം ലഭിക്കും. ഏതെങ്കിലും ഒരു സമയത്ത് പത്രൊസിന്റെ പ്രസംഗം ആത്മാവിന്റെ ഉപദേശത്തെ എതിരിടുന്നതായാൽ, പത്രൊസിനു പാപങ്ങളുടെ മോചനത്തിൽ വിശ്വസ്തമായ ഒരു ഉപദേഷ്ടാവാകാൻ കഴിയുമായിരുന്നില്ല. അതുകൊണ്ടു, യെരുശലേമിലെ അവന്റെ ഉപദേശം ആത്മാവിന്റെ മറ്റു ഉപദേശങ്ങളുമായി യോജിക്കണം.

യെരുശലേമിലെ യോഗത്തിനു മുമ്പു, ഈ മഹത്തായ പ്രവൃത്തികളെ സംബന്ധിച്ചു യജമാനനിൽ നിന്നു പത്രൊസിനും ശേഷം അപ്പൊസ്തലന്മാർക്കും കല്പനകൾ ലഭിച്ചിരുന്നു. അതനുസരിച്ചായിരുന്നു യെരുശലേം യോഗത്തിൽ പത്രൊസ് പ്രസംഗിച്ചത്. അവർക്കു ലഭിച്ച കല്പനകൾ എന്തെല്ലാമായിരുന്നു? മത്തായി എഴുതിയതനുസരിച്ചു, അവ താഴെ കൊടുക്കുന്നു:

> യേശു അടുത്തു ചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, [എയിസ്] പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും: ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ: ഞാനോ, ലോകാവസാനത്തോളം എല്ലാ നാളും, നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു (മത്തായി 28:18–20).

മത്തായിയുടെ വിവരണമനുസരിച്ചു ഇവയായിരുന്നു കല്പനകൾ;

പെന്തെക്കൊസ്തു നാളിൽ പത്രൊസ് അതു കണ്ടില്ലായിരുന്നുവെങ്കിൽ, പിന്നെ അവൻ ഒരു അവിശ്വസ്തനായ ഉപദേഷ്ടാവു ആകുമായിരുന്നു. ഈ കല്പനകളോടു യോജിക്കാത്ത എന്തെങ്കിലുമാണ് പത്രൊസ് സ്നാനത്തെക്കുറിച്ചു പഠിപ്പിച്ചതെങ്കിൽ, പത്രൊസിനെ ദൈവശ്വാസിയ അപ്പൊസ്തലനായി കണക്കാക്കാവുന്നതല്ല.

നേരെ മറിച്ച്, ആ പെന്തെക്കൊസ്തുനാളിലെ ആദ്യ യോഗത്തിൽ, പത്രൊസ് തന്റെ കേൾവിക്കാരെ യേശുവിനെപ്പറ്റി, അവന്റെ ജീവിതം, അവന്റെ മരണം, അവന്റെ ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തേക്കുള്ള അവന്റെ ആരോഹണം എന്നിവ *പഠിപ്പിച്ചു*. ക്രൂശിക്കപ്പെട്ട യേശുവിനെ ദൈവം ക്രിസ്തുവും കർത്താവുമാക്കി വെച്ചു എന്നു നിശ്ചയമായും അറിഞ്ഞുകൊൾവിൻ എന്നു അവൻ അവരോടു പറഞ്ഞു. സംശയരഹിതമായി, ഇതെല്ലാം അപ്പോൾ മനസ്സിലാക്കിയവർ യേശുവിന്റെ ശിഷ്യന്മാരായി തീർന്നു, അല്ലെങ്കിൽ, പഠിക്കുന്നവരായി. ദൈവിക കല്പനയനുസരിച്ചു, എങ്ങനെയായാലും, ശിഷ്യന്മാരാക്കിയശേഷം ആ ശിഷ്യന്മാരെ അപ്പൊസ്തലന്മാർ ഒന്നി ''ലേക്കു'' സ്നാനപ്പെടുത്തേണ്ടിയിരുന്നു. വ്യക്തമായും, അവരുടെ സ്നാനത്തിനു മുൻപു ഈ ശിഷ്യന്മാർ അതെന്തായാലും, ആ ഒന്നിലേക്കു ആയിരുന്നില്ല. അല്ലെങ്കിൽ, ആ വിശുദ്ധ സുവിശേഷത്തിന്റെ ഉപദേഷ്ടാക്കന്മാർ അവരെ അതി "ലേക്കു" സ്നാനപ്പെടുത്തുകയില്ല.

വീണ്ടും, ഇവിടെ ശ്രദ്ധിച്ചു പരിഗണിക്കുവാൻ ഞാൻ ആവശ്യപ്പെടുകയാണ്, കാരണം എല്ലാം മന്ദവും വിശ്വസ്തവുമായ പര്യാലോചനയെ ആശ്രയിച്ചാണിരിക്കുന്നതു. നമ്മുടെ കർത്താവിന്റെ ഭൂമിയിലെ കല്പനകളാണിവ. ആ ശിഷ്യന്മാർ സ്നാനമേല്ക്കേണ്ടത് എന്തി "ലേക്കു" ആയാലും അതി "ലേക്കു" തന്നെയാണ് എല്ലാ ശിഷ്യന്മാരും സ്നാനം ഏല്ക്കുന്നതും, സ്നാനം കൂടാതെ അയാൾക്ക് അതി "ലേക്കു" പ്രവേശിക്കുവാൻ സാധ്യമല്ല. ആ ശിഷ്യന്മാരെ പത്രൊസും മറ്റുള്ളവരും എന്തി "ലേക്ക്" ആണ് സ്നാനപ്പെടുത്തിയത്? ദൈവിക കല്പന പറയുന്നത് "പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചു" എന്നാണ്. സ്നാനത്തിനു മുൻപു, ആ ശിഷ്യന്മാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിനു പുറത്തായിരുന്നു, എന്നാൽ സ്നാനത്താൽ അവർ അതിൽ പ്രവേശിച്ചു. കുടുംബ ''നാമത്തിനു'' പുറത്തായിരിക്കുമ്പോൾ, ഒരാൾക്കു ദൈവ മകൻ ആകുവാനോ, ദൈവഭവനത്തിൽ ആകുവാനോ കഴിയുമോ? പിതാവിന്റെ നാമത്തിലുള്ള ഭവനത്തിലാകാതെ, പിതാവിന്റെ അനുഗ്രഹങ്ങൾക്കു, ഒരാൾ അവകാശി ആകുമോ?

യുവത്വത്തിൽ രണ്ടുപേർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നതു ഒന്നു ഊഹിക്കുക. അതിലെ യുവാവിന്റെ പേർ ജോൺസ് എന്നും യുവതിയുടെ പേർ സ്മിത്ത് എന്നുമാണ്. ആ യുവതി, ഒരുപക്ഷെ മാസങ്ങളോളം, ആ യുവാവിനെ സ്നേഹിച്ചിട്ടുണ്ട്; എന്നാൽ അവർ ഇതുവരെ വിവാഹിതരായില്ല. അവൾ ഇപ്പോൾ മിസ്. സ്മിത്താണ്;

എന്നാൽ ഒരു വിവാഹാഘോഷത്തിൽ, ചുരുക്കം ചില വാക്കുകൾ സംസാരിച്ചുകൊണ്ട്, അവൾ അവനെ വിവാഹം ചെയ്തു. അക്കാരണത്താൽ അതേ സമയം, അവൾ പിതാവിന്റെയും, പുത്രന്റെയും അവകാശത്തി "ലേക്കു" പ്രവേശിച്ചു; അതിനുശേഷം അവളുടെ പേർ "ജോൺസ്" എന്നായി. അവൾ "ജോൺസ്" എന്ന പേർ സ്വീകരിക്കയും ജോൺസ് എസ്റ്റേറ്റിന്റെ അവകാശിയാവുകയും ചെയ്തു. അതുപോലെ, അപ്പൊസ്തലന്മാരെ ലോകത്തിലേക്കു അയച്ചതു പാപികളെ ക്രിസ്തുവിലേക്കു ചേർക്കുന്നതിനു വേണ്ടിയാണ്, അങ്ങനെ അവർ ''മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു, വേറൊരുവന്നു ആകേണ്ടതിനാണ്'' (റോമർ 7:4; കെജെവി), അങ്ങനെ അവർ ദൈവത്തിനു ഫലം പുറപ്പെടുവിക്കുന്നവരാകുന്നു. എപ്പോഴാണ് അവർ ക്രിസ്തുവിനെ വിവാഹം കഴിച്ചത്: അവർ പിതാവിന്റെയും പുത്രന്റെയും നാമത്തിലായപ്പോഴോ, അതോ അതിനു മുൻപോ? അവർ ഭവനത്തിൽ പ്രവേശിച്ചത് എപ്പോഴാണ്, ദൈവത്തിന്റെ ഭവനത്തിൽ: പുത്രനെ വിവാഹം കഴിച്ചപ്പോഴോ, അതോ അതിനു മുൻപോ? മത്തായി 28:19 പറയുന്നു, "... പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും." ദൈവ കല്പനപ്രകാരം യേശുവിന്റെ ശിഷ്യന്മാരായിതീർന്ന ഇവർ ആ ദിവ്യ നാമത്തോടു ചേരുവാനുള്ള സ്നാനത്താൽ ദൈവ - ഭവനത്തിലെ ദൈവമക്കളായി തീരേണ്ടതിനെ ആർക്കു സംശയിക്കാൻ കഴിയും?

പെന്തെക്കൊസ്തു നാളിൽ, പത്രൊസ്, ഈ കല്പനകൾ അനുസരിച്ചു, വിശ്വസിക്കുന്ന, ദുഃഖിക്കുന്ന, പശ്ചാത്തപിക്കുന്ന ഹൃദയങ്ങളോട്, യേശുവിന്റെ പുതിയ ശിഷ്യന്മാരോടു പറഞ്ഞു, പാപമോചനത്തിനു "ആയി" (*എയിസ്*) സ്നാനം ഏല്പിൻ. കല്പന കൊടുക്കുമ്പോൾ നമ്മുടെ രക്ഷകൻ ഉപയോഗിച്ച അതേ വാക്കാണ് അവൻ ഉപയോഗിച്ചത്, അത് പ്രത്യേകമായി സൂചിപ്പിക്കുന്ന ഏതി "ലേക്ക്" അല്ലെങ്കിൽ ഏതി "നുള്ളിൽ" ആണ് അവർ സ്നാനമേൽക്കേണ്ടത് എന്ന്.

ആ പ്രയോഗത്തിൽ ഉള്ള വ്യത്യാസം *എയിസ്* എന്ന വാക്കിനു ശേഷം വരുന്ന വിശേഷമാണ്. ക്രിസ്തുവിന്റെ കല്പനകളനുസരിച്ചു, അപ്പൊസ്തലന്മാർ വിശ്വാസികളെ ദൈവത്തിന്റെ വലിയ നാമത്തി "ലേക്ക്" ആയിരുന്നു സ്നാനപ്പെടുത്തിയത്; പത്രൊസിന്റെ ഭാഷയിൽ, അവർ സ്നാനം ഏല്ക്കേണ്ടതു പാപങ്ങളുടെ മോചനത്തിന് ''ആയിരുന്നു.'' പൂർണ്ണ ഹൃദയത്തോടെ, നല്ല ഉദ്ദേശത്തോടെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തി "ലേക്ക്" സ്നാനം ഏറ്റവർ പാപമോചന "ത്തിനായി" സ്നാനപ്പെടുകയും ചെയ്തു എന്നത് ആർക്കു സംശയിക്കുവാൻ കഴിയും? വാസ്തവത്തിൽ, ഒരാൾക്ക് ഒന്നി ''ലേക്ക്'' സ്നാനപ്പെടാതെ മറ്റൊന്നി ''ലേക്ക്'' പ്രവേശിക്കുവാൻ സാധ്യമല്ല. അവ ഒരേ ഉദ്ദേശമു ള്ളതല്ല, എന്നാൽ "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാ വിന്റെയും നാമത്തിൽ" എന്നതു വലുതും, മനസ്സിലാക്കാവുന്നതും, സ്നാനത്താൽ ദൈവിക ബന്ധത്തിലേക്കു പ്രവേശിക്കുന്നതുമാണ്; ആ ബന്ധത്തിലുള്ള എല്ലാ

അനുഗ്രഹങ്ങളും അതിൽ ഉൾപ്പെടുന്നു. ഒരാൾക്ക് ദൈവിക ബന്ധത്തിലുള്ള സകല അനുഗ്രഹങ്ങളി "ലേക്കും" പാപങ്ങളുടെ മോചനത്തി "ലേക്കും" സ്നാനം ഏല്ക്കാതെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമ "ത്തിൽ" സ്നാനം ഏല്ക്കുവാൻ സാധ്യമല്ല. അതുകൊണ്ടു, കർത്താവിനെ കൊന്നവരായ ആളുകൾ ആ പ്രത്യേക പാപം നിമിത്തം ഹൃദയഭാരത്തോടെ ആശ്വാസത്തിനായി അപേക്ഷിച്ചു, അവരോടു പത്രൊസ്, പെന്തെക്കൊസ്തു നാളിൽ, പറഞ്ഞതു പാപങ്ങളുടെ മോചനത്തിന് ''ആയി'' (*എയിസ്*) സ്നാനം ഏല്പിൻ എന്നാണ്. അവർ കാത്തിരുന്നതും, നിലവിളിച്ചതും, നെടുവീർപ്പിട്ടതും അന്വേഷിച്ചതും അതായിരുന്നു. പത്രൊസ് അവർക്കു പ്രത്യേകമായ ഉത്തരം നല്കി; എന്നാൽ അവരോടു "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏല്പിൻ," എന്നു പറഞ്ഞിരുന്നെങ്കിൽ, ഈ കല്പനയിലുള്ള അവരുടെ എളിയ അനുസരണം നിമിത്തം അവരെ പാപങ്ങളുടെ മോചനത്തി "ലേക്കു" നയിക്കുമായിരുന്നു. ആ ദൈവിക ബന്ധത്തിലേക്കു പ്രവേശിക്കുന്ന എല്ലാവർക്കും ലഭിക്കുന്നതാണ് അനുഗ്രഹങ്ങളിൽ ഒന്നാണ് ആ പാപമോചനം.

പൗലൊസ് എഫെസൊസിൽ വെച്ചു, "യോഹന്നാന്റെ സ്നാനം ആയ" സ്നാനം ഏറ്റ പന്ത്രണ്ടുപേരെ കണ്ടു (പ്രവൃത്തികൾ 19:3), അതു ദൈവിക കല്പനയാൽ വ്യക്തമായി നിർത്തൽ ചെയ്തു. അവരെ പഠിപ്പിച്ചതു വരുവാനുള്ള യേശുവിൽ വിശ്വസിക്കുവാനാണ്; വരുവാനുള്ളവനെ നോക്കിയാണ് അവർ സ്നാനം ഏറ്റത്, വാസ്തവത്തിൽ, അവൻ വരികയും, മരിക്കുകയും, ഉയിർത്തെഴുന്നേല്ക്കു കയും ചെയ്തത് പൗലൊസ് എഫെസൊസിൽ ചെല്ലുന്നതിനു അനേകവർഷങ്ങൾക്കു മുൻപാണ്. തീർച്ചയായും, അവർ പാപങ്ങളുടെ മോചനത്തിന് ''ആയി'' ട്ടായിരുന്നു സ്നാനമേറ്റത്, കാരണം യോഹന്നാന്റെ സ്നാനം "പാപ മോചനത്തിനു ആയുള്ള സ്നാനം" ആയിരുന്നു. എങ്ങനെയായാലും, അവരെ സ്നാനപ്പെടുത്തിയതു, വരുവാനുള്ള കർത്താവിൽ വിശ്വസിച്ചുകൊണ്ടായിരുന്നു, അവർ വിശ്വസിക്കേണ്ടതു ക്രൂശിക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൽ ആയിരുന്നു. അവർ ക്രിസ്തുവിന്റെ സുവിശേഷത്തിലെ വലിയ വസ്തുതകൾ അറിഞ്ഞിരുന്നില്ല; "യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ" അവൻ വാസ്തവത്തിലുള്ള രക്ഷകനായി, ദൈവത്തിന്റെ വലതു ഭാഗത്തേക്കു ഉയർത്തപ്പെട്ടു എന്നവർ അറിഞ്ഞില്ല. അതുകൊണ്ടു, പൗലൊസ് ആ വലിയ വസ്തുതകൾ അവരെ പഠിപ്പിച്ചു അവരെ "കർത്താവായ യേശുവിന്റെ നാമ [*ത്തിൽ*]'' സ്നാനം ഏല്ക്കുവാൻ കല്പിച്ചു (പ്രവൃത്തികൾ 19:5).

പൗലൊസ് ഈ പുരുഷന്മാരോടു കല്പിച്ചതു പത്രൊസ് യെരുശലേമിലെ പശ്ചാത്തപിച്ച മൂവായിരം പേരോടു പറഞ്ഞ മറുപടിയിൽ നിന്നു വ്യത്യസ്തമായിരുന്നോ? "മറ്റൊരുത്തനിലും [ക്രിസ്തു അല്ലാതെ] രക്ഷയില്ല: നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ, മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല" (പ്രവൃത്തികൾ

4:12). മൂവായിരം പേരോടു പത്രൊസ് പറഞ്ഞതു പാപമോചനത്തിനു "ആയി" (*എയിസ്*) സ്നാനം ഏല്ക്കുവാനാണ്; കാരണം പാപമോചനം അല്ലെങ്കിൽ രക്ഷ, മറ്റൊരു നാമത്തിലും ഇല്ല, അതിനുശേഷം പത്രൊസ് രക്ഷിക്കപ്പെടുവാനുള്ള നാമത്തിൽ സ്നാനം ഏല്ക്കുവാൻ കല്പിക്കയായിരുന്നു. രക്ഷ മറ്റൊരു നാമത്തിൽ ഇല്ലാത്തതുകൊണ്ടും പത്രൊസ് പാപമോചനത്തിനു അല്ലെങ്കിൽ രക്ഷക്കായി സ്നാനം ഏല്ക്കുവാൻ പറഞ്ഞതുകൊണ്ടും, അവന്റെ ഉത്തരത്തിൽ പ്രവേശിക്കേണ്ട നാമം അന്തർലീനമായിരുന്നു. രക്ഷ കർത്താവായ യേശുവിന്റെ നാമത്തി "ൽ" ആണ് അല്ലാതെ അതിനു "പുറത്ത്" അല്ല; അതുപോലെ അതു മറ്റൊരു നാമത്തി "ലും" ഇല്ല. ആ ആളുകൾ സ്നാനം ഏറ്റതു രക്ഷിക്കപ്പെടേണ്ടതിനായിരുന്നു, അതു അവർ ക്രിസ്തു "വിൽ" ആകേണ്ടതിനായിരുന്നു.

ഇവിടെ വീണ്ടും സത്യസന്ധരെ മാറ്റി നിർത്താവുന്നതല്ല എന്നു നിങ്ങളുടെ അനുവാദത്തോടെ പറയട്ടെ. യേശു പ്രാർത്ഥിച്ചതായ ഐക്യത നാം പ്രതീക്ഷിക്കുന്നെങ്കിൽ, അവിടെ ഒരു ഭിന്നതയും ഉണ്ടാവുകയില്ല. വിശ്വസിക്കുന്ന, പശ്ചാത്തപിക്കുന്ന, ഹൃദയം നുറുങ്ങിയ, മനസ്സുതകർന്നവരുടെ നിലവിളിയായ "ഞങ്ങൾ എന്തു ചെയ്യേണ്ടു, കർത്താവേ" എന്നതിനു ആത്മാവിന്റെ വാക്കുകൾ നല്കുവാനാണ് എനിക്ക് താല്പര്യം (പ്രവൃത്തികൾ 22:10):

> പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ [സ്നാനം കഴിപ്പിച്ചും] (മത്തായി 28:19).
>
> നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ (പ്രവൃത്തികൾ 2:38).
>
> അവർ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം [ഏറ്റു] (പ്രവൃത്തികൾ 19:5).
>
> എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക (പ്രവൃത്തികൾ 22:16).

അയാൾ ആത്മാവിന്റെ വ്യക്തമായ നിർദ്ദേശങ്ങൾ മനസ്സിലാക്കുമെന്ന വിചാരത്താൽ, ഉത്തരം മനസ്സിലാക്കുവാൻ, വിശദീകരണം കൂടാതെ ആത്മാവിന്റെ വാക്കുകൾ അങ്ങനെ തന്നെ നല്കുവാൻ ആണ് എനിക്ക് ഇഷ്ടം.

"ഇൻടു" എന്നും "അൺടു" എന്നും ഉള്ള വാക്കുകൾക്കു വിശദീകരണം നല്കാതെ നിങ്ങളുടെ നാമധേയ വിഭാഗത്തിനു നിലനില്ക്കാനാവുകയില്ല എന്നു നിങ്ങൾ ഭയപ്പെടുന്നുണ്ടോ? ദൈവത്തിന്റെ പുസ്തകത്തിലെ വാക്കുകൾ അങ്ങനെ തന്നെ ഉദ്ധരിക്കുകയും, പിൻതുടരുകയും ചെയ്താൽ നിങ്ങളുടെ നാമധേയ വിഭാഗം നീങ്ങപ്പെടും

എന്നതിനാൽ അതിനായി ബലിയായിത്തീരുവാൻ മനസ്സില്ലാതിരിക്ക യാണോ നിങ്ങൾ? നിങ്ങൾ ഒരു ക്രിസ്ത്യാനി മാത്രം ആയിരിക്കുവാൻ – അതിൽ കൂടുതലോ കുറവോ ഇല്ലാതെ, പുതിയ നിയമകാലയളവിൽ ക്രിസ്ത്യാനികൾ ആയിരുന്നതുപോലെ ആകുന്നതിൽ നിങ്ങൾ തൃപ്തിയടയുമോ? ഗലീലക്കാരനായിരുന്ന ആ മനുഷ്യന്റെ ലളിതമായ ഒരു അനുഗാമിയായാൽ മാത്രം പോരെ? പുതിയ നിയമകാലത്തു നാമധേയ വിഭാഗങ്ങൾ ഒന്നും ഇല്ലാതിരുന്നതുകൊണ്ടു, ഇന്നു അതു കാണപ്പെടുവാൻ ബൈബിൾ സംബന്ധമായ എന്തെങ്കിലും കാരണങ്ങൾ നിങ്ങൾ കാണുന്നുണ്ടോ?

പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ, അവനിൽ വിശ്വ സിക്കുന്ന എല്ലാവരും ഒന്നാകേണം എന്നു പ്രാർത്ഥിച്ച രക്ഷകന്റെ പ്രാർത്ഥനക്കു എന്നേക്കും തടസ്സമുണ്ടാക്കുകയാണ് നാമധേയ വിഭാഗം (യോഹന്നാൻ 17:11). കർത്താവു പ്രബോധിപ്പിക്കുന്നതു നമ്മുടെ ഇടയിൽ ഭിന്നത ഭവിക്കാതെ, നാമെല്ലാം ഒന്നുതന്നെ സംസാരിക്കയും ഏകാഭിപ്രായത്തിലും ഏക മനസ്സിലും യോജിച്ചിരിക്കയും വേണം (1 കൊരിന്ത്യർ 1:10). അത്തരം ഭിന്നതകൾ നിലനില്ക്കുന്നേടത്തോളം അവന്റെ ഇഷ്ടം അനുസരിക്കുവാൻ സാധ്യമല്ല. ക്രിസ്തു നിമിത്തം എന്തുകൊണ്ടു ക്രിസ്ത്യാനിയായി മാത്രം തീർന്നുകൂടാ?

---

**സ്നാനത്തിൽ അവനോടു കൂടെ അടക്കപ്പെട്ടു**

"സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തു" (കൊലൊസ്സ്യർ 2:12).

© 2009 Truth for Today